# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 185 17.06.2014-ലെ മറുപടിക്ക്

**കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമ്പത്തിക അസ്ഥിരത വർദ്ധിച്ചു വരുന്നതായുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; | മുൻവർഷവുമായി താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2012-13 കാലയളവിലെ റവന്യൂ, ധന, പ്രാഥമിക കമ്മി തുടങ്ങിയ പ്രധാന സാമ്പത്തിക സൂചകങ്ങളിൽ വർദ്ധനവ് വന്നതായി സൂചിപ്പിച്ചിട്ടുണ്ട്. റവന്യൂ കമ്മിയുടെയും ധന കമ്മിയുടെയും വർദ്ധനവിന്റെ മാത്രം അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയിൽ അസ്ഥിരത വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടിൽ പരാമർശിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷങ്ങളിൽ കടം-ജി.എസ്.ഡി.പി അനുപാതം ക്രമമായി കുറഞ്ഞു വരുന്നതാണ് കാണുന്നത്. കൂടാതെ ജി.എസ്.ഡി.പി-പലിശ നൽകൽ അനുപാതം കഴിഞ്ഞ 5 വർഷവും ക്രമമായി കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. സംസ്ഥാനത്തിന്റെ കടബാധ്യത കൈകാര്യം ചെയ്യാവുന്ന തലത്തിലായി എന്നാണ് ഇത് വ്യക്തമാക്കുന്നത്. കൂടുതൽ വായ്പ എടുക്കുന്നത് പലിശഭാരം വർദ്ധിപ്പിക്കുമെങ്കിലും പലിശ നൽകലിന്റെ താരതമ്യേന കുറഞ്ഞ വളർച്ചാ നിരക്ക് (റവന്യൂ ചെലവും റവന്യൂ വരവുമായി താരതമ്യം ചെയ്യുമ്പോൾ) സംസ്ഥാനത്തിന്റെ ഉയർന്ന കടം സുസ്ഥിര പാതയെ സൂചിപ്പിക്കുന്നു. യഥാർത്ഥ കണക്കുകളിൽ കഴിഞ്ഞ 5 വർഷക്കാലം പലിശ നൽകലിന്റെ ചെലവ് 55 ശതമാനം വർദ്ധിച്ചു എങ്കിൽ തന്നെയും കഴിഞ്ഞ നാലു വർഷക്കാലം റവന്യൂ ചെലവിലും റവന്യൂ വരവിലും പലിശ നൽകലിന്റെ ശതമാനം കുറയുന്ന പ്രവണതയാണ് കാണപ്പെട്ടിട്ടുള്ളത്. ഇത് ശുഭ സൂചകമായാണ് കംപ്ട്രോളർ & ഓഡിറ്റർ ജനറൽ വിലയിരുത്തിയിരിക്കുന്നത്. |

| | | |
|---|---|---|
| (ബി) | റവന്യൂ കമ്മി ഇല്ലാതാക്കാൻ ലക്ഷ്യമിട്ട് കൊണ്ടുവന്ന ധന ഉത്തരവാദിത്ത നിയമത്തിലെ റവന്യൂ-ധനകമ്മി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ റിപ്പോർട്ടിലെ പരാമർശം പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട്. ശമ്പളം, പലിശ, പെൻഷൻ എന്നീ ഇനങ്ങളിലെ സാമ്പത്തിക ബാധ്യതയും സാമൂഹ്യ സാമ്പത്തിക മേഖലകളിലുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാ ബദ്ധതയും കാരണം റവന്യൂ ചെലവ് ഒരു പരിധിവരെ സംസ്ഥാനത്തിന് കുറയ്ക്കാൻ കഴിഞ്ഞിരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് അനുവദിച്ച നൽകുന്ന വിഹിതം റവന്യൂ ചെലവിനത്തിന്റെ വർധനവിന് കാരണമായിട്ടുണ്ട്. ഈ കാരണത്താൽ ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം 2011 ൽ ലക്ഷ്യമിട്ടതു പോലെ റവന്യൂ - ധന കമ്മികൾ ക്രമാനുഗതമായി കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ കാര്യത്തിൽ 2011-12, 2012-13, 2013-14 (പ്രാഥമിക കണക്കുകൾ പ്രകാരം) വർഷങ്ങളിൽ ലക്ഷ്യവും അതിനുപരിയായും നേടാൻ സാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ധനദുർവിനിയോഗം, പണാപഹരണം തുടങ്ങിയ കേസ്സുകളിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചില്ല എന്ന റിപ്പോർട്ടിലെ പരാമർശത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ ? | 2012 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച റിപ്പോർട്ടിൽ ഇത്തരത്തിലുള്ള 115 കേസുകൾ പരാമർശിച്ചിരുന്നു. 25.10.2013 ൽ ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ ഇതു സംബന്ധിച്ചു ചർച്ച ചെയ്യുകയും അടിയന്തര നടപടി സ്വീകരിക്കുവാൻ വകുപ്പു തലവൻമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 2013 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ മോഷണം, ധന ദുർവിനിയോഗം, പണ അപഹരണം തുടങ്ങിയ 123 കേസുകളെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. ഇതിൽ 14 എണ്ണം മോഷണ കേസുകളാണ്. ആകെ 7.76 കോടി രൂപയുടെ നഷ്ടമാണ് മുഴുവൻ കേസുകളിലും കൂടി കണക്കാക്കിയിട്ടുള്ളത്. ഇവയിൽ മോഷണ കേസുകൾ ഒഴികെയുള്ള ഏതാണ്ട് എല്ലാ കേസുകളിലും വകുപ്പുതല നടപടികൾ നടന്നുവരികയാണ്. പല കേസുകളും 5 വർഷത്തിന് മുകളിൽ കാലാവധിയായതും ഈ കേസുകളിൽ ഉൾപ്പെട്ടിരുന്ന കക്ഷികൾ മരണപ്പെടുകയോ പെൻഷൻപറ്റി പിരിഞ്ഞു പോകുകയോ ചെയ്തിട്ടുള്ളവരുമാണ്. അത്തരം കേസുകളിൽ പലതും വകുപ്പുതലത്തിൽ തീർപ്പു കൽപ്പിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും ശിക്ഷിക്കപ്പെട്ടവർ കോടതിയിൽ നിന്നും മറ്റും വാങ്ങിയിട്ടുള്ള സ്റ്റേ ഓർഡറുകൾ നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ കൈക്കൊള്ളാൻ സാധിക്കാത്ത നിലയിലുമാണ്. മാത്രവുമല്ല, ഏതാനും കേസുകളിൽ ടി കക്ഷികളെ കുറ്റക്കാരല്ലായെന്നു കോടതി വിധിച്ചിട്ടുള്ള സംഭവങ്ങളുമുണ്ട്. ടി പശ്ചാത്തലത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം മാത്രമാണ് അവശേഷിക്കുന്നത്. ഭൂരിപക്ഷം കേസുകളിലും റിക്കവറി നടപടി തുടങ്ങിയിട്ടുണ്ട്. മോഷണ കേസുകളിൽ പോലീസ് രജിസ്റ്റർ ചെയ്തവ തെളിയിക്കപ്പെടാതെ അവശേഷിക്കുന്ന സാഹചര്യങ്ങളിൽ പോലീസ് റിപ്പോർട്ട് വാങ്ങി സാമ്പത്തിക നഷ്ടം എഴുതി തള്ളാനുള്ള നടപടികൾ കൈക്കൊണ്ടു വരുകയുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

ധനദുർവിനിയോഗം, പണാപഹരണം തുടങ്ങിയ കേസുകളിലെ വകുപ്പു തല നടപടികളുടെ പുരോഗതി.

| നം. | വകുപ്പ് | കേസുകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പഞ്ചായത്ത് വകുപ്പ് | 17 | എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ചില കേസുകളിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |
| 2 | പൊതുമരാമത്ത്(നിരത്തുകളും പാലങ്ങളും) വകുപ്പ് | 2 | രണ്ടു കേസുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | ഫിഷറീഷ് വകുപ്പ് | 1 | വകുപ്പുതല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| 4 | ഭാഗ്യക്കുറി വകുപ്പ് | 1 | വിജിലൻസ് അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | പൊതുവിദ്യാഭ്യാസ വകുപ്പ് | 17 | 11 കേസുകൾ തെളിയിക്കാനാവില്ലായെന്ന് പോലീസ് റിപ്പോർട്ട് നൽകിയതിനാൽ സാമ്പത്തിക നഷ്ടം എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു കേസുകൾ വകുപ്പു തലത്തിൽ തീർപ്പാക്കിയിട്ടുണ്ട്. |
| 6 | ഭാരതീയ ചികിത്സാ വകുപ്പ് | 1 | കേസ് കോടതിയുടെ പരിഗണനയിലാണ്. |
| 7 | സർവ്വെയും ഭൂരേഖയും വകുപ്പ് | 1 | കോടതിയുടെ അന്തിമ തീർപ്പു വന്നിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട കക്ഷികളിൽ ഒരാൾക്കെതിരെ അച്ചടക്ക നടപടി പൂർത്തിയായിട്ടില്ല. |
| 8 | ലീഗൽ മെട്രോളജി വകുപ്പ് | 1 | തെളിവിന്റെ അഭാവത്തിൽ വകുപ്പു തല നടപടി അവസാനിപ്പിച്ചു. |
| 9 | സഹകരണ വകുപ്പ് | 1 | കോടതിയുടെ പരിഗണനയിലാണ്. |
| 10 | ദേശീയ സമ്പാദ്യ പദ്ധതി | 1 | കോടതിയുടെ പരിഗണനയിലാണ്. |
| 11 | മൃഗ സംരക്ഷണ വകുപ്പ് | | എല്ലാ കേസുകളിലും വകുപ്പു തല അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 12 | സാമൂഹ്യനീതി വകുപ്പ് | 2 | ഒരു കേസിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാമത്തെ കേസിൽ വകുപ്പുതലനടപടി പൂർത്തിയായി. |
| 13 | കോളേജ് വിദ്യാഭ്യാസ വകുപ്പ് | 3 | ഒരു കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ കേസിൽ ഹൈക്കോടതി മുമ്പാകെ അപ്പീൽ പെറ്റീഷൻ നിലനിൽക്കുകയാണ്. മൂന്നാമത്തെ കേസിൽ വകുപ്പു തല നടപടി തുടർന്നു വരുന്നു. |
| 14 | പട്ടികജാതി വികസന വകുപ്പ് | 1 | അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ